"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല - ദേശീയപാത വികസനത്തിനായി പന്മന ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാൾ പൊളിച്ചു നീക്കിയ ഇനത്തിലുള്ള നഷ്ടപരിഹാരത്തുക പന്മന ഗ്രാമപഞ്ചായത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2623/2025/LSGD തീയതി,തിരുവനന്തപുരം, 31-10-2025

---

പരാമർശം:-

1. സ.ഉ.(കൈ)നം.237/2021/ആർ.ഡി തീയതി 23/11/2021
2. സ.ഉ.(സാധാ)നം.232/2022/ധന തീയതി 12/01/2022
3. കൊല്ലം ജില്ലാ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (ലാന്റ് അക്വിസിഷൻ ) നാഷണൽ ഹൈവേ & കോമ്പീറ്റന്റ് അതോറിറ്റിയുടെ 30/03/2023 ലെ എ1-2617/2022 നമ്പർ നടപടി ക്രമം
4. കൊല്ലം ജില്ലാ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (ലാന്റ് അക്വിസിഷൻ) നാഷണൽ ഹൈവേ & കോമ്പീറ്റന്റ് അതോറിറ്റിയുടെ 29/11/2023 ലെ എ1-2617/2022 നമ്പർ കത്ത്
5. പന്മന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01/01/2024 & 03/07/2024 തീയതികളിലെ 400318/DGAP11/GENERAL/2023/9643/(5) നമ്പർ കത്ത്
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21/10/2024 ലെ LSGD/PD/1893/2024-REV6 നമ്പർ കത്ത്

**ഉത്തരവ്**

ദേശീയ പാത 66 വികസനവുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന കരുനാഗപ്പള്ളി താലൂക്കിൽ വടക്കുംതല വില്ലേജിൽ റീസർവ്വേ ബ്ലോക്ക് നമ്പർ 17 സർവ്വേ 131/8 ൽപ്പെട്ട ഭൂമിയിൽ സ്ഥിതി ചെയ്തിരുന്ന പന്മന ഗ്രാമ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പൊളിച്ച് നീക്കുകയും കെട്ടിടത്തിന്റെ നഷ്ട പരിഹാര തുകയായ 78,31,739/-രൂപ (എഴുപത്തിയെട്ട് ലക്ഷത്തി മുപ്പത്തൊന്നായിരത്തി എഴുന്നൂറ്റി മുപ്പത്തി ഒൻപത് രൂപ മാത്രം) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നഷ്ടപരിഹാര തുക നിക്ഷേപിക്കുന്ന ഹെഡ് ഓഫ് അക്കൗണ്ടായ 0075-00-105-98 ൽ നിക്ഷേപിച്ചിട്ടുള്ളതിനാൽ പ്രസ്തുത തുക പ്രസ്തുത ശീർഷകത്തിൽ നിന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് ഉത്തരവാകണമെന്ന് പന്മന ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (5) പ്രകാരം സമർപ്പിച്ച അപേക്ഷ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം സർക്കാരിൽ

സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാൾ കെട്ടിടം ദേശീയപാതാ വികസനത്തിന്റെ ഭാഗമായി പൊളിച്ചു നീക്കിയ ഇനത്തിലുള്ള 78,31,739/- (എഴുപത്തിയെട്ട് ലക്ഷത്തിമുപ്പത്തൊന്നായിരത്തി എഴുന്നൂറ്റി മുപ്പത്തൊമ്പത്) രൂപ 0075-00-105-98 എന്ന ശീർഷകത്തിൽ കൊല്ലം ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ളതാണെന്ന സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ & ലാന്റ് അക്വിസിഷൻ അതോറിറ്റിയുടെ പരാമർശം (4) പ്രകാരമുള്ള കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക പ്രസ്തുത ശീർഷകത്തിൽ നിന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) പ്രസ്തുത ഭരണാനുമതി ഉത്തരവ് സഹിതം ട്രഷറി ആപ്ലിക്കേഷനിലെ 'റീ-ഫണ്ട് മാസ്റ്ററിൽ' ഉൾപ്പെടുത്തുന്നതിനായി പ്രസ്തുത തുക ഒടുക്കൽ സംബന്ധിച്ച വിശദാംശങ്ങൾ ട്രഷറിയിൽ സമർപ്പിക്കേണ്ടതും, അതോടൊപ്പം BIMS കൈകാര്യം ചെയ്യുന്ന ഒരു അനുയോജ്യ ഡി.ഡി.ഒ. യെ പ്രസ്തുത റീ-ഫണ്ട് നടപടികൾ സ്വീകരിക്കുന്നതിനായി ചുമതലപ്പെടുത്തണമെന്നും പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 02-11-2025 14:02:49
സെക്ഷൻ ഓഫീസർ

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. സെക്രട്ടറി, പന്മന ഗ്രാമപഞ്ചായത്ത്, കൊല്ലം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ) തിരുവനന്തപുരം
4. ധനകാര്യ (വികസന) വകുപ്പ് (ഡെവ-4/203/2025-ധന(ഇ:3239022) തീയതി 27/09/2025)
5. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്. ഐ & പി ആർ ഡി
7. കരുതൽ ഫയൽ (ഡി.ബി1/194/2025/എൽ.എസ്.ജി.ഡി)